**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2372** **07-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാരിന് കേന്ദ്ര സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും ഏതൊക്കെ പദ്ധതികളിലേക്കാണ് ധനസഹായം ലഭിക്കുന്നത് ; | (എ) | വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്ര പദ്ധതികൾക്കുമായാണ് കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതിയിനത്തിൽ ധനസഹായം ലഭിക്കുന്നത്. |
| (ബി) | ഇത് യഥാസമയം ലഭ്യമാകാറുണ്ടോ ; ഇല്ലെങ്കിൽ, ധനസഹായം കൃത്യമായി ലഭിക്കാത്തത് മൂലം സംസ്ഥാനത്ത് എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നത് ; വിശദമാക്കാമോ ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീ-ഇംബേഴ്സ്മെന്റ് ആയോ അഡ്വാൻസ് ആയോ ആണ്. റീ-ഇംബേഴ്സ്മെന്റ് ആയി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചു കൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. പലപ്പോഴും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സാമ്പത്തിക വർഷാവസാനം ഫണ്ട് അനുവദിക്കാറുണ്ട്. എന്നാൽ ഈ തുക വിനിയോഗിക്കുന്നതിന് മതിയായ സമയം ലഭിക്കാറില്ല. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടു കൂടി റീവാലിഡേറ്റ് ചെയ്ത് മാത്രമേ ഉപയോഗിക്കാൻ സാധിക്കൂ. ഇത് പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നതിന് കാരണമാകാറുണ്ട്. |

സെക്ഷൻ ഓഫീസർ